**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3769** **06-08-2021 - ൽ മറുപടിയ്ക്ക്**

**വെങ്ങാനൂരിലെ അയ്യൻകാളി സ്മാരകം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | വെങ്ങാനൂരിലെ അയ്യൻകാളി സ്മാരകത്തിൽ ലൈബ്രറി, ഗവേഷണ കേന്ദ്രം, ഡിജിറ്റൽ മ്യൂസിയം, ലാൻഡ്സ്കേപ്പിംഗ്, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തി ദേശീയ നിലവാരത്തിലുള്ള സ്മാരകമായി ഉയർത്താൻ വേണ്ട നടപടികൾ സ്വീകരിക്കുമോ? | (എ) | തിരുവനന്തപുരം ജില്ലയിൽ വെങ്ങാനൂരിൽ 'ചിത്രകൂടം' എന്ന പേരിൽ സ്ഥാപിച്ചിട്ടുള്ള മഹാത്മാ അയ്യൻകാളിയുടെ സ്മരണാർത്ഥമുള്ള സ്മാരകം മോടിപിടിപ്പിക്കുന്നതിന് എം.എൽ.എ-യുടെ പ്രത്യേക വികസന പദ്ധതിയിൽ (എസ്.ഡി.എഫ്) നിന്ന് ഫണ്ട് അനുവദിക്കുന്നതിന് പ്രത്യേക അനുമതി നൽകണം എന്ന് അഭ്യർത്ഥിച്ച് ശ്രീ. എം. വിൻസെന്റ് എം.എൽ.എ-യുടെ 15.06.2020-ലെ കത്ത് സർക്കാരിൽ ലഭിച്ചു. 29.12.2017-ലെ സ. ഉ. (പി) നമ്പർ. 161/2017/ധന എന്ന ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ളതിൻ പ്രകാരം എം.എൽ.എ-മാരുടെ പേരിലുള്ള പ്രത്യേക വികസന പദ്ധതിയുടെ (എസ്.ഡി.എഫ്) നടത്തിപ്പ് ചുമതല അതത് ജില്ലാ കളക്ടർമാർക്കായതിനാൽ മുൻപറഞ്ഞ വിഷയത്തിൽ അടിയന്തിര നടപടി സ്വീകരിക്കുന്നതിനായി പ്രസ്തുത പ്രപ്പോസൽ സാംസ്കാരിക കാര്യ വകുപ്പിൽ നിന്നും തിരുവനന്തപുരം ജില്ലാ കളക്ടർക്ക് 17.02.2021-ൽ കൈമാറിയിട്ടുണ്ട്. ചരിത്ര പ്രാധാന്യമുള്ള അയ്യൻകാളി സ്മാരകം സംരക്ഷിക്കുന്ന കാര്യത്തിൽ സർക്കാർ ആലോചിക്കും. ആവശ്യമായ പ്രവർത്തനങ്ങൾ നടത്താൻ ഉള്ള നിയമപരമായ സാധ്യത സാംസ്കാരിക വകുപ്പ് അടിയന്തിരമായി ആലോചിക്കും. |

സെക്ഷൻ ഓഫീസർ